


# വി. ജോൺ മരിയ വിയാനി

1786 മെയ് 8 ന് ഫ്രാൻസിലെ ഡാർഡിലിയിൽ മാത്യു വിയാനിയുടെയും മരിയ ബലൂസയുടെയും നാലാമത്തെ മകനായിട്ടാണ് ജോൺ മരിയ വിയാനി ജനിച്ചത്. മൂന്നു വർഷങ്ങൾക്ക് ശേഷം നടന്ന ഫ്രഞ്ചു വിപ്ലവത്തിന്റെ അന്തരീക്ഷത്തിലായിരുന്നു ജോണിന്റെ ബാല്യകാലം. അതുകൊണ്ടുതന്നെ ഭീകരതയുടെ ഭരണനാളുകളിൽ വിശ്വാസപരിശീലനവും ആദ്യകുർബാന സ്വീകരണവുമെല്ലാം അവന് രഹസ്യത്തിൽ നടത്തേണ്ടിവന്നു. ക്രൈസ്തവ വിശ്വാസത്തിന് വളരെ പ്രതികൂലമായ സാഹചര്യത്തിലായിരുന്നു ജോൺ വൈദികനാകാനുള്ള ആഗ്രഹവുമായി എക്കുളി എന്ന ഗ്രാമത്തിൽ ഫാ. ബെയിലിയുടെ അടുക്കൽ എത്തുന്നത്. ഫ്രഞ്ചുവിപ്ലവ പശ്ചാത്തലത്തിൽ ജോണിന് തന്റെ ചെറുപ്പത്തിൽ അടിസ്ഥാനവിദ്യാഭ്യാസം ശരിയായി ലഭിക്കാഞ്ഞതിനാൽ തന്നെ വൈദികപരിശീലന കാലത്തു പഠനത്തിന് ബുദ്ധിമുട്ട് നേരിട്ടു. കൂടാതെ നിർബന്ധിത സൈനികസേവനത്തിനായി നിയോഗിക്കപ്പെട്ട കാലത്തും, ഒളിവിൽ കഴിഞ്ഞകാലത്തുമെല്ലാം പഠനത്തിൽ തടസ്സം നേരിട്ടുവെങ്കിലും 1815 ഒക്ടോബർ 13 ന് അദ്ദേഹം വൈദികനായി അഭിഷിക്തനായി.

പ്രാർഥനയുടെയും പരിത്യാഗത്തിന്റയും പ്രാശ്ചിത്തപ്രവൃത്തികളുടെയും വഴി തെരെഞ്ഞെടുത്ത വിയാനി മതവിശ്വാസം പാടേ ഉപേക്ഷിച്ച ആർസിലെ വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ താപസജീവിതവും ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹവും അനേകരെ ആർസിലേക്ക് ആകർഷിച്ചു. ലളിതവും എന്നാൽ ശക്തവുമായ വാക്കുകളാൽ അനേകരെ പശ്ചാത്തപത്തിലേക്ക് ക്ഷണിച്ച വിയാനിയച്ചൻ അനേകർക്ക് ദൈവാനുഭവം പകർന്നു നല്കിയത് അനുരജ്ഞന കൂദാശവഴിയായിരുന്നു. ദിവസത്തിൽ 12 മണിക്കൂറിലധികം കുമ്പസാരക്കൂട്ടിൽ ശുശ്രൂഷ നിർവഹിച്ച വിയാനിയുടെ അടുത്തേക്ക് സമീപ ഇടവകകളിൽനിന്നും നഗരങ്ങളിൽനിന്നും വിദൂരപ്രദേശങ്ങളിൽനിന്നുമെല്ലാം ആളുകൾ ഒഴുകിയെത്തി. അനേകർക്ക് രക്ഷയിലേക്കുള്ള വഴികാട്ടിയായി പ്രശോഭിച്ച ആർസിലെ ഈ എളിയ വൈദികൻ 1859 ആഗസ്റ്റ് 4 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1925 ൽ ജോൺ മരിയ വിയാനിയെ പതിനൊന്നാം പീയുസ് മാർപാപ്പ വിശുദ്ധനെന്നു നാമകരണം ചെയ്തു. തുടർന്ന് 1929 ൽ ഇടവക വൈദികരുടെ മധ്യസ്ഥനായി അദ്ദേഹം പ്രഖ്യാപിക്കപ്പെട്ടു.

ഫാ.മാത്യു കൊച്ചാദംപിള്ളിൽ
കോട്ടയം

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

04-08-2021

Read More:www.syromalabarliturgy.org